പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5657

27.10.2011 ലെ മറുപടിക്ക്

**സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി ഓഫീസർ നൽകിയ വിശദീകരണത്തിനുള്ള മറുപടിയിൽ സഹകരണ ബാങ്കുകൾ പ്രൈമറി അഗ്രികൾച്ചറൽ സൊസൈറ്റികൾ ആയതിനാൽ ആർ. ബി.ഐ. ആക്റ്റ് ബാധകമല്ലെന്നതു കൊണ്ട് ബാങ്കിംഗ് ബിസിനസ് നടത്താൻ കഴിയില്ലെന്ന വിശദീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) തന്മൂലം നിക്ഷേപകർ നിക്ഷേപം പിൻവലിക്കുന്ന സാഹചര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ആദായ നികുതി വകുപ്പിന്റെ ഇടപെടൽ മൂലം സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കേന്ദ്രസർക്കാർ മുമ്പാകെ കൊണ്ട് വന്ന് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| സി) അപ്രകാരം ടാക്സ് ചുമത്തുവാനുള്ള ഇൻകം ടാക്സ് വകുപ്പിന്റെ നീക്കത്തിനെതിരെ എന്തു നടപടികൾ കൈക്കൊള്ളുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സി) ആദായ നികുതി നിയമത്തിലെ 194 (എ) (3)(VII എ) വകുപ്പ് പ്രകാരം പ്രാഥമിക വായ്പാ സംഘങ്ങളുടെ നിക്ഷേപങ്ങളുടെ പലിശക്ക് ആദായ നികുതി ഇളവ് ലഭിക്കാത്ത സാഹചര്യത്തിൽ ആദായ നികുതി വകുപ്പിന്റെ നോട്ടീസിനെ ചോദ്യം ചെയ്ത് വിവിധ സഹകരണ സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതി പരിഗണിച്ച് ഒരു പൊതു വിധിന്യായം മുഖേന റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്ത സഹകരണ സംഘങ്ങളോട് ആദായ നികുതി വകുപ്പിന്റെ നോട്ടീസിന്മേൽ പ്രാഥമിക വായ്പ സംഘങ്ങൾക്കുള്ള ഇളവ് വിവരം കാണിച്ച് ആദായ നികുതി വകുപ്പ് മുമ്പാകെ തടസ്സവാദം ഉന്നയിക്കാനും ആദായ നികുതിവകുപ്പ് അധികാരികളോട് സമയബന്ധിതമായി ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാനും അതുവരെ സഹകരണ സംഘങ്ങൾക്കെതിരെ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടികളും നിർത്തി വയ്ക്കാനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ